പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4631

28.6.2013-ലെ മറുപടിക്ക്

# നാണ്യവിളകളുടെ വിലയിടിവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) നാണ്യവിളകളുടെ വിലയിടിവിന് കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം കാരണമായിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി എന്തെങ്കിലും തരത്തിലുള്ള ആശയ വിനിമയം സർക്കാർ നടത്തിയിട്ടുണ്ടോ; | (എ) റബ്ബറിന്റെ ഇറക്കുമതി തീരുവ നിലവിൽ 20%, അല്ലെങ്കിൽ പരമാവധി 20 രൂപ എന്നതിൽ നിന്നും 34 രൂപയാക്കുന്നതിന് കേന്ദ്രവാണിജ്യ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഉത്തരവ് നിലവിലാകാത്തതിനാൽ, തീരുവ ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിൽ കേരളത്തിന് ദോഷകരമായ തീരുമാനങ്ങൾ ഉണ്ടാകരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>2013 സീസണിലെ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രകാർഷിക വില നിർണ്ണയ കമ്മീഷൻ മുൻപാകെ സംസ്ഥാനം സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൽ, തീരുവരഹിതമായി ഇറക്കുമതി ചെയ്യപ്പെടുന്ന ഇതര ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കുക, വെളിച്ചെണ്ണയുടെ കയറ്റുമതിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മാറ്റുക തുടങ്ങിയ ആവശ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>അടയ്ക്ക ഇറക്കുമതി കർഷകർക്ക് ദോഷകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടപ്പോൾ അടയ്ക്ക ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായി. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച പ്രതികരണം എന്തായിരുന്നു ? | (ബി) പാം ഓയിൽ ഇറക്കുമതി, നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും ദോഷകരമായപ്പോൾ കേന്ദ്ര സർക്കാർ ക്രൂഡ് പാം ഓയിലിന് 2.5% തീരുവയും, ശുദ്ധീകരിച്ച പാം ഓയിലിന് 7.5% തീരുവയും ചുമത്തുകയുണ്ടായി. |

അടയ്ക്കയുടെ ഇറക്കുമതി യഥാർത്ഥ ഉപഭോക്താവിന് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ, കച്ചവട ക്കാർക്ക് അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പ്രകാരം ഇറക്കുമതി സാദ്ധ്യമല്ല എന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

അണ്ടർ സെക്രട്ടറി.